വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: അനുപമ ടി വി, ഐ എ എസ്)

വിഷയം: വനിത ശിശു വികസന വകുപ്പ് - പി.എം.എം.വി.വൈ പദ്ധതി - ഐ.ഇ.സി പ്രചാര പ്രവർത്തനങ്ങൾ- തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ റോൾ അപ്പ് സ്റ്റാൻഡ് സ്ഥാപിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: (1) GoI letter No. 15/9/2018-PMMVY dated on 12/06/2020.

(2) 11/03/2022 ലെ സർക്കാർ ഉത്തരവ് നം. G.O(Rt)No.1780/2022/Fin

(3) 03/01/2022 ലെ സർക്കാർ ഉത്തരവ് നം. G.O(Rt)No.55/2022/Fin

ഉത്തരവ് നമ്പർ ICDS/PMMVY/10431/2020 തിരുവനന്തപുരം തീയതി : 18/03/2022

പ്രധാന മന്ത്രി മാതൃ വന്ദന യോജന പദ്ധതി (പിഎംഎംവിവൈ) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി IEC പ്രവർത്തനങ്ങൾക്ക് സംസ്ഥാന/ജില്ലാ തലങ്ങളിൽ വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

പി എം എം വി വൈ പദ്ധതി ആനുകൂല്യം അർഹരായ എല്ലാ ഗുണഭോക്താക്കളിലേക്കും എത്തിക്കുവാൻ വിവിധതരം ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ മെഡിക്കൽ കോളേജ്, മാതൃ ശിശു ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവടങ്ങളിൽ പദ്ധതി ഗുണഭോക്താക്കൾക്കും പൊതു ജനങ്ങൾക്കും കാണും വിധം പദ്ധതി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റോൾ അപ്പ് സ്റ്റാൻഡ് (Size 6*3) സ്ഥാപിക്കുവാൻ ഉത്തരവാകുന്നു. ഒരു റോൾ അപ്പ് സ്ഥാപിക്കുവാൻ 2,000/- രൂപ വിനിയോഗിക്കാവുന്നതാണ്.

മേൽ ആവശ്യത്തിനായി ഏകികൃത റോൾ അപ്പ് സ്റ്റാൻഡ് മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി മാതൃകയിലുള്ള റോൾ അപ്പ് സ്റ്റാൻഡുകൾ താഴെ പട്ടികയിൽ പറയും പ്രകാരമുള്ള എണ്ണം പ്രിന്റ് ചെയ്ത മേൽ പരാമർശിച്ച സ്ഥലങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

| ക്രമ.നം | ജില്ലയുടെ പേര് | പ്രിന്റ് ചെയ്യേണ്ട റോൾ അപ് സ്റ്റാൻഡിന്റെ എണ്ണം | ആകെ അനുവദിക്കുന്ന തുക | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 7 | 14,000/- | 8400 | 5600 |
| 2 | കൊല്ലം | 3 | 6,000/- | 3600 | 2400 |
| 3 | പത്തനംതിട്ട | 4 | 8,000/- | 4800 | 3200 |
| 4 | ആലപ്പുഴ | 5 | 10,000/- | 6000 | 4000 |
| 5 | കോട്ടയം | 6 | 12,000/- | 7200 | 4800 |
| 6 | ഇടുക്കി | 2 | 4,000/- | 2400 | 1600 |
| 7 | എറണാകുളം | 5 | 10,000/- | 6000 | 4000 |

| | | | | | |
|---|---|---|---|---|---|
| 8 | തൃശ്ശൂർ | 4 | 8,000/- | 4800 | 3200 |
| 9 | പാലക്കാട് | 1 | 4,000/- | 2400 | 1600 |
| 10 | മലപ്പുറം | 6 | 12,000/- | 7200 | 4800 |
| 11 | കോഴിക്കോട് | 4 | 8,000/- | 4800 | 3200 |
| 12 | വയനാട് | 2 | 4,000/- | 2400 | 1600 |
| 13 | കണ്ണൂർ | 4 | 8,000/- | 4800 | 3200 |
| 14 | കാസറഗോഡ് | 2 | 4,000/- | 2400 | 1600 |
| | ആകെ | 56 | 1,12,000/- | 67200 | 44800 |

മേൽ സാഹചര്യത്തിൽ റോൾ അപ്പ് സ്റ്റാൻഡ് പ്രിന്റ് ചെയ്യുവാൻ 14 ജില്ലകൾക്കുമായി ആകെ 1,12,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ തല ഐ. സി. ഡി. എസ്. സെൽ പ്രോഗ്രാം ഓഫീസർമാർക്ക് ഈ ഉത്തരവിൻ പ്രകാരമുള്ള തുക വിഭജിച്ച് നൽകേണ്ടതാണ്. ആയതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ ആകെ 1,12,000/- രൂപയിൽ പരാമർശം (2,3) പ്രകാരം കേന്ദ്ര വിഹിതം (60%) 67,200/- രൂപ 2235-02-103-56 (03) എന്ന ശീർഷകത്തിൽ നിന്നും സംസ്ഥാന വിഹിതം (40%) 44,800/- രൂപ 2235-02-103-56 (04) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്/-)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ
3. സ്റ്റേറ്റ് നോഡൽ ഓഫീസർ (പിഎംഎംവിവൈ)
4. കരുതൽ ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്